സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് - ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കേഡറിലേക്കുള്ള പ്രൊമോഷൻ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 5600/23/Est-1(i)** നന്തൻകോട് **09/01/2024**

---

പരാമർശം :- 1) 16-11-2023 ലെ ROC 26/21/Mis-2/Est-1 നമ്പർ ഉത്തരവ്.
2) 30-12-2023 ൽ ചേർന്ന വകുപ്പുതല പ്രൊമോഷൻ കമ്മിറ്റിയുടെ മിനിറ്റ്സ്.
3) 09-01-2024 ലെ ബോർഡ് തീരുമാനം.

## ഉത്തരവ്

അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ കേഡറിലെ 01-01-2023 അടിസ്ഥാനപ്പെടുത്തിയുള്ള സീനിയോരിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 1 -ാമതായി ഉൾപ്പെട്ടിരുന്ന ശ്രീ. കെ. മനോജ്കുമാറിനെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ നിലവിലുണ്ടായിരുന്നതിനാൽ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കേഡറിലേക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നതിന് 07-06-2023 ൽ ചേർന്ന തിരുവിതാംകൂർ ദേവസ്വം ബോർഡ് വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി തയ്യാറാക്കിയ സെലക്ട് ലിസ്റ്റിൽ ടിയാനെ ഉൾപ്പെടുത്തിയിരുന്നില്ല.

ടിയാനെതിരെയുള്ള വകുപ്പുതല അച്ചടക്ക നടപടികൾ പരാമർശം 1 പ്രകാരം തീർപ്പാക്കിയിട്ടുള്ളതാണ്.

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കേഡറിലേക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നതിന് വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി തയ്യാറാക്കിയ സപ്ലിമെന്ററി സെലക്ട് ലിസ്റ്റിൽ ശ്രീ. കെ. മനോജ്കുമാർ -നെ ഉൾപ്പെടുത്തിയിട്ടുള്ളതാണ് (പരാമർശം -2).

ടിയാന് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കേഡറിലേക്ക് സ്ഥാനക്കയറ്റം നൽകുന്ന കാര്യം ബോർഡ് പരിശോധിച്ചു.

മാവേലിക്കര അസിസ്റ്റന്റ് ആഡിറ്റ് ആഫീസർ ശ്രീ.കെ.മനോജ്കുമാറിനെ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കേഡറിലേക്ക് 95600-153200 രൂപ ശമ്പളസ്കെയിലിൽ സ്ഥാനക്കയറ്റം നൽകി ഹരിപ്പാട് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ആയി നിയോഗിച്ച് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി

(ഒപ്പ്)

സെക്രട്ടറി

(മറുപുറം)

ശ്രീ. കെ. മനോജ്കുമാർ,
അസിസ്റ്റന്റ് ആഡിറ്റ് ആഫീസർ,
മാവേലിക്കര

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഐ.റ്റി. ഡിവിഷൻ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK